**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 659** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ധനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വിദേശത്ത് ഉന്നത പഠനത്തിനായി പോകുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിദേശരാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമാ കോഴ്സുകൾ, പി.എച്ച്ഡി പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്. 12 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപ വരെ (വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്/താമസ ചെലവ്). 12 ലക്ഷം മുതൽ 20 ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് 20ലക്ഷം രൂപ (ട്യൂഷൻ ഫീസ് 15 ലക്ഷം രൂപ വരെ, വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷറൻസ്, ജിവിത ചെലവ്/താമസ ചെലവ് എന്നിവയ്ക്കായി 5ലക്ഷം രൂപ) 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ളവർക്ക് - 15 ലക്ഷം രൂപ (ട്യൂഷൻ ഫീസ് 15 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു.)

**(ബി)** പ്രസ്തുത വിദ്യാർത്ഥികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് കോഴ്സ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** G.O(P)No.5/2023/SCSTDD, dated 01/08/2023 പ്രകാരം ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് എന്ന സർക്കാർ ഏജൻസി മുഖേനയാണ് വിദ്യാർത്ഥികൾക്ക് തുക അനുവദിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 49,07,42,815/- രൂപ ODEPEC-ന് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**